പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1914 **26-10-2026-ൽ മറുപടിയ്ക്ക്**

നേമത്ത് സബ് ട്രഷറി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. രാജീവ് ചന്ദ്രശേഖർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) നേമത്ത് പുതിയ സബ് ട്രഷറി ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: നേമത്ത് പുതിയ സബ്ട്രഷറി ആരംഭിക്കുന്നതിന് ബഹു. നേമം എം.എൽ.എ ബഹു. മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

(ബി) നേമം നിയോജക മണ്ഡലത്തിൽ ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച് ട്രഷറി ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശിപാർശകളും തുടർനടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

മറുപടി: 1. **ട്രഷറി ഡയറക്ടറുടെ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ:**

- തിരുവനന്തപുരം ജില്ലയിലെ നേമത്ത് ഒരു പുതിയ സബ്ട്രഷറി ആരംഭിക്കുക വഴി 75സർക്കാർ സ്ഥാപനങ്ങൾ, 1700 പെൻഷൻകാർ, 8 സ്റ്റാമ്പ് വെണ്ടർ, 800 സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ, 25 പേഴ്സണൽ ഡിപ്പോസിറ്റ് അക്കൗണ്ടുകൾ എന്നിവ നിർദിഷ്ട ട്രഷറിയിലേയ്ക്ക് മാറ്റാവുന്നതാണ്. നേമത്ത് നിന്നും വിഴിഞ്ഞം സബ് ട്രഷറി, നെയ്യാറ്റിൻകര സബ് ട്രഷറി, പ്രിൻസിപ്പൽ സബ് ട്രഷറി ഫോർട്ട് എന്നിവടങ്ങളിലേക്ക് യഥാക്രമം 10, 12, 8 കിലോമീറ്റർ ദൂരമുണ്ട്.
- വിഴിഞ്ഞം സബ് ട്രഷറിയുടെ പരിധിയിൽ വരുന്ന കല്ലിയൂർ, പള്ളിച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകൾ, നെയ്യാറ്റിൻകര സബ് ട്രഷറിയുടെ പരിധിയിൽ വരുന്ന ബാലരാമപുരം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം പ്രിൻസിപ്പൽ സബ് ട്രഷറിയുടെ പരിധിയിൽ വരുന്ന നേമം, പൊന്നുമംഗലം, പാപ്പനംകോട് എന്നീ വാർഡുകൾ നിർദിഷ്ട സബ്ട്രഷറിയുടെ പരിധിയിൽ ഉൾപ്പെടുത്താവുന്നതാണ്.
- നേമത്ത് പണി പുരോഗമിക്കുന്ന രജിസ്ട്രേഷൻ കോംപ്ലക്സിനോട് ചേർന്ന് പുതിയ ട്രഷറി ആരംഭിക്കുകയാണെങ്കിൽ മേൽ പ്രദേശങ്ങളിലെ പെൻഷൻകാർക്കും, സർക്കാർ സ്ഥാപനങ്ങൾക്കും, സ്കൂളുകൾക്കും, സ്റ്റാമ്പ് വെണ്ടർമാർക്കും, വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് ഇടപാടുകാർക്കും യാത്രാ ബുദ്ധിമുട്ടുകളില്ലാതെ ട്രഷറി ഇടപാടുകൾ നടത്താൻ സാധിക്കുന്നതാണ്.
- നിർദിഷ്ട ട്രഷറിയുടെ പ്രവർത്തനത്തിന് സബ് ട്രഷറി ഓഫീസർ-1, ജൂനിയർ സൂപ്രണ്ട്-1, അക്കൗണ്ടന്റ്-3, ട്രഷറർ-1, ഓഫീസ് അറ്റൻഡന്റ്-1, പാർട്ട് ടൈം സ്വീപ്പർ-1 എന്നീ തസ്തികകൾ സൃഷ്ടിക്കേണ്ടതായി വരും. ആയതിൽ അക്കൗണ്ടന്റ്, ട്രഷറർ, ഓഫീസ് അറ്റന്റന്റ് എന്നീ തസ്തികകളിലേക്ക് മറ്റ് ട്രഷറികളിൽ നിന്നും ജീവനക്കാരെ പുനർവിന്യസിക്കാവുന്നതാണ്.

തസ്തികകൾ പുതിയതായി സൃഷ്ടിക്കുന്നത് വഴി ഉണ്ടാകുന്ന പ്രതിവർഷ ബാധ്യത 15,95,721/- രൂപയാണ്.

2. **<u>തുടർ നടപടികൾ:</u>** പുതിയ ട്രഷറി ആരംഭിക്കേണ്ടതിന്റെ അനിവാര്യത, സ്ഥല ലഭ്യത, വാർഷിക സാമ്പത്തിക ബാധ്യത എന്നിവ പരിശോധിച്ച ശേഷം മാത്രമേ ഈ വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുവാനാകൂ.

(സി) നേമത്ത് ട്രഷറി ആരംഭിക്കുന്നത് നിരവധി സർക്കാർ സ്ഥാപനങ്ങൾ, പെൻഷൻകാർ, പൊതുജനങ്ങൾ എന്നിവർക്ക് ഗുണകരമാകും എന്നതിനാൽ നേമത്ത് പണിയുന്ന രജിസ്ട്രേഷൻ കോംപ്ലക്സിനോട് ചേർന്ന് ഇത് സ്ഥാപിക്കുന്നതിന് അനുമതി നൽകുമോ?

<u>മറുപടി:</u> പിരിവ് 'ബി' ഭാഗം 2 ൽ വിധേയം.

സെക്ഷൻ ഓഫീസർ